അധികാരപ്പെടുത്തിയില്ലെങ്കിൽ-നിയമസഭ അങ്ങനെ അധികാരപ്പെടുത്തിയാൽ മാറ്റാൻ അവകാശമുണ്ട്. മൂലനിയമത്തിലെ ഒരു വകുപ്പും മാറ്റാനുള്ള അധികാരം സബ്ജക്ട് കമ്മിറ്റിക്ക് കൊടുത്തിട്ടില്ല. സബ്ജക്ട് കമ്മിറ്റിക്ക് കൊടുക്കാതിരിക്കുന്നത്രയും കാലം അതു തെറ്റാണ്.

# IV. റൂളിംഗ്

മി. സ്പീക്കർ : ഇന്നത്തെ ഒബ്ജക്ഷനിൽ ചില കാര്യങ്ങൾ പറയാനുണ്ട്. ബിൽ അവതരിപ്പിച്ച സമയത്തു വരേണ്ട കാര്യങ്ങളുമെല്ലാം അടങ്ങിയിട്ടുണ്ട്. ശ്രീ. ടി.എം. ജേക്കബിന്റെ ഭരണഘടനാപരമായ ഒബ്ജക്ഷൻ ഗവർണ്ണറുടെ ശുപാർശയെ സംബന്ധിച്ചാണ്. ഗവർണ്ണറുടെ ശുപാർശ, ഈ ബിൽ ഇൻട്രോഡ്യൂസ് ചെയ്ത ഏപ്രിൽ 1-ാം തീയതിക്കു മുൻപ്, 26-3-'97-ൽ 135-ാം നമ്പർ ബുള്ളറ്റിനായി വിതരണം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താൻ പാടില്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തി എന്നുള്ളതാണ്. അതിൽ വാസ്തവത്തിൽ എനിക്കും കുറച്ചുകൂടി ക്ലാരിഫിക്കേഷനുണ്ട്. ജോയിന്റ് കമ്മീഷണർമാരെ നിയമിക്കാനുള്ള അധികാരം നൽകിയിരിക്കുന്നു എന്നുള്ള വാദം ശരിയല്ല. ജോയിന്റ് കമ്മീഷണർമാരുടെ തസ്തിക നിലവിൽ വന്നത് 1995-ലാണ്. ഈ ബിൽ 1997 ഏപ്രിൽ 1-ാം തീയതി മുതലാണ് പ്രാബല്യത്തിൽ വന്നത്. സെയിൽസ് ടാക്സ് ആക്ടിൽ ജോയിന്റ് കമ്മീഷണർ എന്ന തസ്തികയ്ക്കുള്ള ഡെഫിനിഷൻ ഇല്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഈ ഭേദഗതി മൂലം ഇത് ഡിഫൈൻ ചെയ്യുന്നു. അതുകൊണ്ട് പുതിയ പോസ്റ്റ് സൃഷ്ടിക്കപ്പെടുന്നില്ല എന്ന ഒരു സംഗതി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഒരു ഇഷ്യൂ വരുമ്പോൾ ആണല്ലോ നമ്മൾ കൂടുതലായി പരിശോധിക്കുന്നത്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഈ തസ്തിക സൃഷ്ടിക്കുന്നത് സ്പെഷ്യൽ റൂൾസ് അനുസരിച്ച് ആയിരിക്കും. ഇതില്ലെങ്കിലും സർക്കാരിന് ചെയ്യാവുന്ന കാര്യമാണ്. ജോയിന്റ് കമ്മീഷണർമാർ എടുക്കുന്ന നടപടികൾക്കുള്ള നിയമസാധ്യതയെപ്പറ്റി അദ്ദേഹം പറഞ്ഞു. പുതിയ അധികാരങ്ങൾ നൽകുന്നില്ല. ജോയിന്റ് കമ്മീഷണർമാർ എടുക്കുന്ന നടപടികൾക്ക് നിയമസാധുത നൽകുക എന്നു മാത്രമാണ് ഈ വ്യവസ്ഥ കൊണ്ട് ഉദ്ദേശിക്കുന്നതായി ചെയർ കരുതുന്നത്. അതിനാൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള പ്രസ്താവന അവാസ്തവമാണെന്നുള്ള ശ്രീ. ടി.എം. ജേക്കബിന്റെ വാദത്തിന് അടിസ്ഥാനമില്ല. മോട്ടോർ വെഹിക്കിൾസ് ആക്ടിനെ സംബന്ധിച്ചുള്ളതാണ് അടുത്തത്. മോട്ടോർ വെഹിക്കിൾസ് ആക്ടിനെ സംബന്ധിച്ച് ഇവിടെ ഒരു ഡിബേറ്റ് നടന്നു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതിൽ കുറവു വരുത്താം, അല്ലെങ്കിൽ വർദ്ധനവ് വരുത്താമെന്നൊക്കെ അദ്ദേഹം പറഞ്ഞു. ഗവർണ്ണറുടെ സാങ്ഷൻ സംബന്ധിച്ചേ ഞാൻ പറയുന്നുള്ളൂ. അതല്ലേ ഞാൻ പറയേണ്ട കാര്യമുള്ളൂ. ഇതിൽ ഗവർണ്ണരുടെ സാങ്ഷൻ ലഭിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ഓരോ കാര്യത്തിനും പ്രത്യേകം പ്രത്യേകം ശുപാർശ വേണ്ട എന്ന കാര്യം ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശ്രീ. ടി.എം. ജേക്കബിന്റെ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല എന്ന് ചെയർറൂൾ ചെയ്യുന്നു. അടുത്തത് ശ്രീ. ഇ.എം. അഗസ്തി ഉന്നയിച്ചതാണ്. അതൊരു പ്രശ്നമായതുകൊണ്ട് അനുവദിച്ചതാണ്. അദ്ദേഹം ഒരു വാചകത്തിലാണ് ഒബ്ജക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചത്. അത് ഈ സഭയിൽ ഉണ്ടാക്കിയ ഒരു കീഴ്വഴക്കമാണ്. തെറ്റായ കീഴ്വഴക്കമാണോ, ശരിയായ കീഴ്വഴക്കമാണോ എന്നു നാം പരിശോധിക്കണം. അത് നമുക്ക് ആലോചിക്കാം. ഒരു ബിസിനസ്സിനിടയിൽ അത് കറക്ട് ചെയ്യാൻ പറ്റില്ല. കഴിഞ്ഞ സഭയിൽ കൊണ്ടുവന്ന ഒരു കീഴ്വഴക്കമാണ് അത്. അതിനെ ഈ സന്ദർഭത്തിൽ ഓവർ റൂൾ ചെയ്യാൻ ചെയർ ആഗ്രഹിക്കുന്നില്ല. ഈ സഭയിൽ തന്നെ ഇതു സംബന്ധിച്ച് റൂളിംഗ് വന്നിട്ടുണ്ട്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ബില്ലിൽ ഇതേ ഒബ്ജക്ഷൻ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ.എം. മാണിയുമൊക്കെ ഉന്നയിച്ചതാണ്. ആ പഴയ റൂളിംഗ് ഞാൻ ഓവർ റൂൾ ചെയ്യുന്നില്ല. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയുടേയോ അല്ലെങ്കിൽ മറ്റു കമ്മിറ്റികളുടെയോ പരിശോധനാ വേളയിൽ കോൺസിക്വൻഷ്യലായിട്ടുള്ള അമെന്റ്മെന്റ്സ് കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്. അത് തുടർന്നു വരികയാണ്. അത് നമുക്കു പരിശോധിക്കാം; റിവ്യൂ ചെയ്യാം. അതുകൊണ്ട് ഈ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല എന്നു ഞാൻ റൂൾ ചെയ്യുന്നു.

ഇനി ധനകാര്യ ബില്ലിലേക്ക് കടക്കുകയാണ്. ഇന്ന് പന്ത്രണ്ടര മണി വരേ ബിസിനസ് ഉള്ളൂ. 10.15 ആകുമ്പോൾ മറ്റു ബിസിനസ്സുകൾ നിർത്തി വച്ചിട്ട് ഇന്ന് രാഷ്ട്രപതിയായി സ്ഥാനമേൽക്കുന്ന ശ്രീ. കെ.ആർ. നാരായണന് അനുമോദനങ്ങൾ അർപ്പിക്കുന്ന ചടങ്ങിലേയ്ക്ക് സഭ കടക്കുകയാണ്. അതു കഴിഞ്ഞ് മറ്റ് ബിസിനസ്സുകൾ തുടരും.

എല്ലാ ബിസിനസ്സും നമുക്കു എടുക്കേണ്ടതുണ്ട്. കാരണം ഒബ്ജക്ഷൻ കഴിഞ്ഞതേയുള്ളൂ. ഇനി ഡിസെന്റും ജനറൽ അമെന്റ്മെന്റ്സും ക്ലാസ് ബൈ ക്ലാസ് പരിഗണനയും ഒക്കെ ഉണ്ട്. ഒരുപാട് ഭേദഗതികൾ ഉണ്ട്. ഇതെല്ലാം എടുക്കണം. അതുകൊണ്ട് എല്ലാവരും വളരെ ലിമിറ്റഡ് ടൈമിൽ കാര്യങ്ങൾ തീർക്കണം. എല്ലാവർക്കും അവസരം നൽകും. പോയിന്റ്സുകൾ മാത്രം പറയുക, ഇന്ന് ഒരു വാദ പ്രതിവാദമോ പ്രസംഗമോ വേണ്ട.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ. തമ്പാനൂർ രവി : സർ, ധനകാര്യ മന്ത്രി ഇവിടെ ടാക്സേഷനെ സംബന്ധിച്ച് സംസാരിച്ചു. ടാക്സേഷൻ എന്നു പറയുന്നത്, അതൊരു സ്കിൽ ആണ്. നല്ല നിലയിൽ കൈകാര്യം ചെയ്യേണ്ട കാര്യമാണ് അത്. അതൊരു കലയാണ്. ഇത്തവണ ഒന്നിനും പുതിയ നികുതിയില്ല എന്നാണ് അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചു നടത്തിയ പ്രസംഗത്തിലൊക്കെ പറഞ്ഞത്. നികുതിയെ സംബന്ധിച്ച് ഇതൊരു ഇന്റർനാഷണൽ കൺസപ്റ്റ് ആണ്. സാധാരണക്കാരുടെ ജീവിതത്തിനാവശ്യമായ പ്രശ്നത്തിന് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള നികുതി. കുറച്ചു കൂടി ഹയർ നികുതി എന്നു പറയുന്നത്, സുഖ സൗകര്യങ്ങളുണ്ടാക്കുന്ന വസ്തുക്കളുടെ നികുതിയാണ്.

*(അദ്ധ്യക്ഷ വേദിയിൽ മി.ഡെ.സ്പീക്കർ)*

പിന്നീട് ലക്ഷ്വറി ടാക്സിന്റെ കാര്യം. അതായത് ആർഭാട വിധത്തിലുള്ള വസ്തുക്കൾ. ഈ തത്വമൊന്നും അങ്ങയുടെ ധനകാര്യബില്ലിൽ പറഞ്ഞിട്ടില്ല എന്നതാണ് എന്റെ ഡിസന്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചെറുകിട വ്യവസായത്തിന്റെ കാര്യം നോക്കിയാൽ, ചെറുകിട വ്യവസായം നിലനിന്നെങ്കിൽ മാത്രമേ ഈ സംസ്ഥാനം നിലനിൽക്കുകയുള്ളൂ. ലാഭമെടുക്കുന്ന ആളുകളല്ല ചെറുകിട വ്യവസായികൾ. മറിച്ച് വൻകിട വ്യവസായികൾക്ക് ലൈസൻസും, ടാക്സും ചുമത്താം. അങ്ങയുടെ ധനകാര്യബില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly